## 18

# "അധികാരമുള്ളവനെ പോലെ"

**വായനാ ഭാഗം #6**

IV. ഒന്നാമത്തെ പെസഹാ മുതൽ രണ്ടാമത്തേതുവരെ (തുടർച്ച).

H. കഫർന്നഹൂമിൽവെച്ച്: പള്ളിയിൽ ഭൂതബാധിതനെ സുഖപ്പെടുത്തി (മർക്കൊ. 1:21–28; ലൂക്കൊ. 4:31–37).

I. കഫർന്നഹൂമിൽ: പത്രൊസിന്റെ അമ്മാവി–അമ്മ–യെയും മറ്റും സൗഖ്യമാക്കി (മത്താ. 8:14–17; മർക്കൊ. 1:29–34; ലൂക്കൊ. 4:38–41).

J. ഗലീലിയിൽ: യേശുവിന്റെ ആദ്യ ഉപദേശവും സൗഖ്യമാക്കൽ സന്ദർശനവും (മത്താ. 4:23–25; മർക്കൊ. 1:35–39; ലൂക്കൊ. 4:42–44).

K. ഗലീലിയിൽ: ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കലും – അതിനെ തുടർന്നുള്ള ആവേശവും (മത്താ. 8:2–4; മർക്കൊ. 1:40–45; ലൂക്കൊ. 5:12–16).

L. കഫർന്നഹൂമിൽ മടങ്ങിയെത്തി: ഒരു പക്ഷപാതരോഗിയെ സൗഖ്യ മാക്കി (മത്താ. 9:2–8; മർക്കൊ. 2:1–12; ലൂക്കൊ. 5:17–26).

M. കഫർന്നഹൂമിനടുത്ത്: മത്തായിയെ വിളിക്കുന്നു (മത്താ. 9:9; മർക്കൊ. 2:13, 14; ലൂക്കൊ. 5:27, 28).

**മുഖവുര**

ഈ പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് യേശുവിന്റെ ആദ്യ ഗലീലാ സന്ദർശനത്തെയാണ്, സന്ദർശനത്തിനു മുൻപും പിൻപുമുള്ള കഫർന്നഹൂമിലെ ചില സംഭവങ്ങളും അതോടൊപ്പം ചേർക്കുന്നു. ഈ അവതരണത്തിലെ സംഭവങ്ങൾ "വലിയ ഗലീലിയൻ ശുശ്രൂഷയിലെ" "വലിയത്" എന്തെന്ന് മനസ്സിലാക്കുവാൻ സഹായിക്കും.

നമ്മുടെ പാഠഭാഗത്തിലെ മുഖ്യവാക്ക് "അധികാരം" എന്നതാണ്. യേശു കഫർന്നഹൂമിലെ പള്ളിയിൽ സംസാരിച്ചപ്പോൾ, ആളുകൾ "അവന്റെ ഉപദേശത്തിങ്കൽ വിസ്മയിച്ചു; അവൻ ശാസ്ത്രിമാരെപ്പോലെയല്ല, *അധികാര*മുള്ളവനായിട്ടത്രേ അവരെ ഉപദേശിച്ചത്" (മർക്കൊസ് 1:22; എംഫസിസ് മൈൻ). യേശു സന്നിഹിതരായവരെ പ്രസംഗത്താൽ മാത്രമല്ല, തന്റെ പ്രവർത്തികളാലും അതിശയിപ്പിച്ചു. അവൻ ഒരു ഭൂതത്തെ പുറത്താക്കിയപ്പോൾ, "എല്ലാവർക്കും വിസ്മയം ഉണ്ടായി, 'ഈ വചനം എന്തു? *അധികാര*ത്തോടും ശക്തിയോടുംകൂടെ അവൻ അശുദ്ധാത്മാക്കളോടു കൽപിക്കുന്നു അവ പുറപ്പെട്ടു പോകുന്നു' എന്ന്, തമ്മിൽ പറഞ്ഞുകൊണ്ടിരുന്നു"

(ലൂക്കൊസ് 4:36; എംഫസിസ് മൈൻ).

ആ ശ്രദ്ധേയമായ ആധികാര പ്രദർശനം യേശു യെഹൂദ മതാദ്ധ്യക്ഷ ന്മാരുമായി എതിരിടുന്നതായ ഒരു തോന്നൽ ഉണ്ടാക്കി. തന്റെ വിമർശകരു മായി യേശുവിന്റെ ആദ്യത്തെ മുഖാ–മുഖ–മായുള്ള ഏറ്റുമുട്ടൽ നാം ഈ പാഠത്തിൽ കാണും. അവൻ ഒരു പക്ഷവാതരോഗിയെ സൗഖ്യമാക്കുവാൻ ഒരുങ്ങിയപ്പോൾ, "മനുഷ്യപുത്രനു [തന്നെക്കുറിച്ചു തന്നെ പറയുന്നു] ഭൂമി യിൽ പാപങ്ങളെ മോചിപ്പാൻ *അധികാര*മുണ്ട്"[1] എന്ന ഉറച്ച പ്രഖ്യാപനം അവൻ നടത്തി (മത്തായി 9:6; എംഫസിസ് മൈൻ). പക്ഷവാതരോഗി എഴു ന്നേറ്റു നടന്നപ്പോൾ, പുരുഷാരം "അതു കണ്ടു ഭയപ്പെട്ടു, ഇങ്ങനെയുള്ള *അധികാരം* മനുഷ്യർക്കു കൊടുത്ത, ദൈവത്തെ മഹത്വപ്പെടുത്തി" (മത്താ യി 9:8; എംഫസിസ് മൈൻ).

## കഫർന്നഹൂമിൽ "അധികാരമുള്ളവനെപോലെ" (മത്താ. 8:14-17; മർക്കൊ. 1:21-34; ലൂക്കൊ. 4:31-41)

### അധികാരത്തോടുകൂടി ഉപദേശിക്കുന്നു (മർക്കൊ. 1:21, 22; ലൂക്കൊ. 4:31, 32)

ഗലീലയിൽ യേശു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ, എല്ലാ പട്ടണങ്ങ ളിലും ഉണ്ടായിരുന്ന പള്ളികളിൽ, സദസ്യർ തയ്യാറായിരുന്നതായി അവൻ കണ്ടു (ലൂക്കൊസ് 4:15 നോക്കുക). പള്ളികളിൽ, തിരുവെഴുത്തു വായന ക്കുശേഷം, ശുശ്രൂഷക്ക് നേതൃത്വം കൊടുക്കുന്ന ആൾ[2] അവിടെ സന്നിഹി തരായവരിൽ നിന്നു (യോഗ്യതയുണ്ടെന്നു തനിക്കു ബോധ്യമുള്ള) ആരെ യെങ്കിലും വായിച്ച വേദഭാഗത്തെ കുറിച്ചു അധികരിച്ചു സംസാരിക്കുവാൻ ക്ഷണിക്കും.

യേശു നാലു മീൻപിടുത്തക്കാരെ ക്ഷണിച്ചതിനു ശേഷമുള്ള ശബ്ബത്തിൽ, അവനും അവന്റെ ശിഷ്യന്മാരും കഫർന്നഹൂമിലുള്ള[3] പള്ളിയിൽ ശുശ്രൂ ഷയിൽ പങ്കെടുത്തു. ഉചിതമായ സമയത്ത്, ക്രിസ്തുവിനെ സംസാരിക്കു വാനായി ക്ഷണിച്ചു. അവൻ സംസാരിക്കുന്നതു കേട്ടവർ "അവന്റെ ഉപദേ ശത്തിങ്കൽ വിസ്മയിച്ചു; കാരണം അവൻ ശാസ്ത്രിമാരെപ്പോലെയല്ല, അധി കാരമുള്ളവനായിട്ടത്രേ അവരെ ഉപദേശിച്ചത്" (മർക്കൊസ് 1:22; ലൂക്കൊ സ് 4:32 നോക്കുക). ശാസ്ത്രിമാർ തങ്ങളുടെ അധികാരപ്രകാരമായിരുന്നില്ല സംസാരിച്ചത്. പകരം, ആ വിഷയത്തെ കുറിച്ചു സംസാരിച്ച അന്തമില്ലാത്ത അധികാരികളെ ഉദ്ധരിച്ചുകൊണ്ടായിരുന്നു. ലിവിങ്ങ് ബൈബിളിൽ സമാന്ത രപ്രയോഗം നടത്തി പറയുന്നത്, "ഇടവക വിസ്മയിച്ചു ... കാരണം അവൻ അധികാരിയെപോലെയാണ് സംസാരിച്ചത്, അവൻ മറ്റാരുടേതും ഉദ്ധരി ച്ചുകൊണ്ടു തന്റെ പോയിന്റുകൾ തെളിയിക്കുവാൻ ശ്രമിച്ചില്ല – അതു അവർ കേൾക്കാറുള്ളതിൽ[4] നിന്നു തികച്ചും വ്യത്യസ്തമായിരുന്നു."

### അധികാരത്തോടെ ഭൂതത്തെ പുറത്താക്കി (മർക്കൊ. 1:23-28; ലൂക്കൊ. 4:33-37)

പള്ളി ശുശ്രൂഷകളെല്ലാം സാധാരണ വളരെ മാന്യമായിട്ടായിരുന്നു നട ന്നിരുന്നത്, എന്നാൽ യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, ആ നിശ

ബ്ദതയെ ഭേദിച്ചുകൊണ്ടു ഒരു നിലവിളി ഉയർന്നു:

> അവരുടെ പള്ളിയിൽ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ നിലവിളിച്ചു, "നസറായനായ[5] യേശുവേ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിപ്പാൻ വന്നുവോ? നീ ആർ എന്നു ഞാൻ അറിയുന്നു – ദൈവത്തിന്റെ പരിശുദ്ധൻ[6] തന്നേ!" എന്നു, പറഞ്ഞു (മർക്കൊസ് 1:23, 24).

"അശുദ്ധാത്മാവ്" ഒരു ഭൂതമായിരുന്നുവെന്നു ലൂക്കൊസ് നമ്മോട് പറയുന്നു (4:33, 35). "ഭൂതം" എന്നത് *ദായിമോനിയൻ*[7] എന്ന ഗ്രീക്ക് വാക്ക് പദം മാറ്റി ഉപയോഗിച്ചതാണ്. അസാധാരണ ശക്തിയുള്ള ആത്മാക്കളായിരുന്നു ഭൂതങ്ങൾ – അവർ സാത്താന്റെ ഭൃത്യന്മാരും,[8] അവന്റെ ഇഷ്ടത്തിനായി[9] സമർപ്പിക്കപ്പെട്ടവരുമാണ്. പുതിയ നിയമ കാലത്ത്, വ്യക്തികളെ അവരുടെ ഇഷ്ടത്തിനെതിരായി പ്രവർത്തിക്കുവാൻ ഭൂതം അവരിൽ കടന്നു കൂടിയിരുന്നു. ക്രിസ്തുവിന്റെ കാലത്തെ ഭൂതബാധയെ ഉദാരമതികളായ ചില പണ്ഡിതന്മാർ നിഷേധിച്ചു പറയുന്നത്, അന്ധവിശ്വാസമുള്ള ആളുകൾ ശാരീരിക രോഗത്തെ അശുദ്ധാത്മാവെന്നു കരുതുന്നു. എങ്ങനെയായാലും, ശാരീരിക രോഗമുള്ളവരും "അശുദ്ധാത്മ ബാധ" ഉള്ളവരും, അല്ലെങ്കിൽ ഭൂതങ്ങൾ[10] ബാധിച്ചവരും തമ്മിലുള്ള വ്യത്യാസം വൈദ്യനായിരുന്ന ലൂക്കൊസ് വ്യക്തമാക്കുന്നുണ്ട്. ഭൂതബാധിതനാകുന്ന പ്രതിഭാസം യേശുവിന് തന്റെ ശക്തിയും മനസ്സലിവും പ്രദർശിപ്പിക്കുന്നതിന് കൂടുതൽ അവസരമൊരുക്കി. യേശു ആദ്യമായി ഒരു ഭൂതത്തെ പുറത്താക്കിയ വിവരം ലൂക്കൊസ് 4–ലും മർക്കൊസ് 1–ലും രേഖപ്പെടുത്തിയിരിക്കുന്നു.

ഭൂതം അവനെ അലോസരപ്പെടുത്തിയപ്പോൾ, ക്രിസ്തു അശുദ്ധാത്മാവിനെ ശാസിച്ചു. ഭൂതം കോപിച്ച്, തന്റെ ഇരയെ തറയിൽ തള്ളിയിടുകയും, അവന്റെ ശരീരത്തെ അനിയന്ത്രിതമായി കോട്ടി കളയുകയും, അവനെ ദുഃഖിപ്പിക്കുകയും ചെയ്തു. അവസാനം, ആത്മാവ്, എന്തായാലും "അവനു ഉപദ്രവം ഒന്നും വരുത്താതെ പുറത്തുപോയി" (ലൂക്കൊസ് 4:35). ലിവിങ് ബൈബിൾ അതിനെ "പിന്നെ അവനെ കൂടുതൽ ഉപദ്രവിക്കാതെ" എന്നാണ് വിവരിച്ചിരിക്കുന്നത്.

അവിടെ സന്നിഹിതരായിരുന്നവർ അതിശയിക്കുകയും, "അവന്റെ ശ്രുതി വേഗത്തിൽ ഗലീലനാടു എങ്ങും പരന്നു" (മർക്കൊസ് 1:28).[11]

### അധികാരത്തോടെ ഉള്ള സൗഖ്യമാക്കൽ (മത്താ. 8:14-17; മർക്കൊ. 1:29-34; ലൂക്കൊ. 4:38-41)

പള്ളിയിലെ ശുശ്രൂഷക്കുശേഷം, യേശുവും അവന്റെ നാലു ശിഷ്യന്മാരും പത്രൊസിന്റെയും അന്ത്രെയാസിന്റേയും വീട്ടിലേക്കു പോയി (മർക്കൊസ് 1:29).[12] അവിടെ പത്രൊസിന്റെ അമ്മാവി അമ്മ[13] ദീനം പിടിച്ച് കിടക്കുന്നതായി അവർ കണ്ടു. യേശു അവരുടെ കൈക്കു പിടിച്ചു, എഴുന്നേൽപ്പിച്ചപ്പോൾ, അവളുടെ ജ്വരം അവളെ വിട്ടുപോയി. "അവൾ ഉടനെ എഴുന്നേറ്റു അവനെ ശുശ്രൂഷിച്ചു" (ലൂക്കൊസ് 4:39). ലിവിങ് ബൈബിളിൽ സമാന്തര പ്രയോഗമായി പറഞ്ഞിരിക്കുന്നത് "അവൾ എഴുന്നേറ്റ് അവർക്ക് ആഹാരം തയ്യാറാക്കി!"

അതിനിടയിൽ, പള്ളിയിൽ സംഭവിച്ചതിനെ കുറിച്ചുള്ള വാർത്ത പരന്നു. അതുകൊണ്ട്, സൂര്യൻ അസ്തമിക്കുമ്പോൾ,[14] "നാനാവ്യാധികൾ പിടിച്ച ദീനക്കാർ ഉള്ളവർ ഒക്കെയും അവരെ അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ ഓരോരുത്തന്റെയും മേൽ കൈവെച്ചു, അവരെ സൗഖ്യമാക്കി" (ലൂക്കൊസ് 4:40). യേശു അശുദ്ധാത്മാക്കളെയും പുറത്താക്കി. "പലരിൽ നിന്നും ഭൂതങ്ങൾ, 'നീ ദൈവപുത്രനായ ക്രിസ്തു!' എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ട്, പുറപ്പെട്ടുപോയി, താൻ ക്രിസ്തു എന്നു അവ അറിക കൊണ്ട് മിണ്ടുവാൻ അവൻ സമ്മതിക്കാതെ, അവയെ ശാസിച്ചു" (ലൂക്കൊസ് 4:41; നോക്കുക 4:34; മർക്കൊസ് 1:24).

ക്രിസ്തു ആരാണെന്ന് എങ്ങനെയോ ഭൂതങ്ങൾ അറിഞ്ഞിരുന്നു (നോക്കുക യാക്കൊബ് 2:19). പള്ളിയിൽ ഉണ്ടായിരുന്ന ഭൂതം യേശുവിനെ "ദൈവത്തിന്റെ പരിശുദ്ധൻ" എന്നാണ് വിളിച്ചത്. ഭൂതങ്ങൾ അവനെ "ദൈവപുത്രൻ" എന്നും വിളിച്ചിട്ടുണ്ട്. അടുത്തസമയത്ത് ഞാൻ ഈ വാക്കുകൾ കായിക കളികളിൽ ഏർപ്പെടുന്നവർ ഉപയോഗിക്കാറുള്ള ഷർട്ടിൽ കാണുകയുണ്ടായി: "അഞ്ചിൽ അഞ്ചു ഭൂതങ്ങളും സമ്മതിക്കുന്നു: യേശു ദൈവപുത്രൻ ആണ്!" യേശുവിന്റെ ദൈവീകത്വത്തെ ഭൂതങ്ങൾ അംഗീകരിക്കുമ്പോൾ മനുഷ്യർ അതിനെ നിഷേധിക്കുന്നതിൽ എനിക്ക് ദുഃഖമുണ്ട്.

താൻ ആരാണെന്ന് പറയുവാൻ അശുദ്ധാത്മാക്കളെ യേശു സമ്മതിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഒരുപക്ഷെ അതിന് പല കാരണങ്ങൾ[15] കണ്ടേക്കാം, എന്നാൽ ഒരുപക്ഷെ മുഖ്യമായ കാരണം അവൻ ഭൂതങ്ങളുമായി ഒരുതരത്തിലും ബന്ധപ്പെടുവാൻ ആഗ്രഹിച്ചില്ല എന്നതായിരിക്കാം. ക്രമേണ, അവൻ ഭൂതങ്ങളെ പുറത്താക്കിയത് ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിന്റെ[16] ശക്തികൊണ്ടാണെന്ന് ആരോപിക്കുകയുണ്ടായി – അതായത്, പിശാച് (മത്തായി 12:24).

## ഗലീലയിൽ
## "അധികാരമുള്ളവനെപോലെ" (മത്താ. 4:23-25; 8:2-4; മർക്കൊ. 1:35-45; ലൂക്കൊ. 4:42-44; 5:12-16)

### അധികാരവും വീക്ഷണവും

അടുത്തദിവസം അതികാലത്ത് ഇരുട്ടോടെ, യേശു എഴുന്നേറ്റു കഫർന്നഹൂമിനു പുറത്ത് ഏകാന്തസ്ഥലത്തേക്ക് പ്രാർത്ഥിപ്പാൻ പോയി (മർക്കൊസ് 1:35). അവൻ ദൈവമായിരുന്നുവെങ്കിലും, അവൻ തന്റെ പിതാവുമായി തനിച്ച് ആയിരിക്കേണ്ടിയിരുന്നു. നിങ്ങൾക്കും എനിക്കും അതേ ആവശ്യം നിലവിലുണ്ട്.

അവന്റെ ശിഷ്യന്മാർ അവനെ അന്വേഷിച്ചു ചെന്നു പറഞ്ഞു, "എല്ലാവരും നിന്നെ അന്വേഷിക്കുന്നു" (മർക്കൊസ് 1:37). കഫർന്നഹൂമിൽ യേശു അത്തരം വിജയം കൈവരിച്ചതിൽ അവരെല്ലാം ആവേശഭരിതരായിരുന്നു – എന്നാൽ യേശുവിന്റെ വീക്ഷണം ഒരു പട്ടണത്തെക്കാൾ വലുതായിരുന്നു. അവന്റെ പദ്ധതി ഗലീലയിലെ എല്ലാ പട്ടണങ്ങളിലും പ്രസംഗിക്കുക എന്നതായിരുന്നു (മർക്കൊസ് 1:38). അപ്പോഴേക്കും, കഫർന്നഹൂമിൽ നിന്നുള്ള പുരുഷാരം അവനെ കണ്ടെത്തി. അവനോട് നിൽക്കുവാൻ അവർ അപേക്ഷിച്ചെങ്കിലും, അവൻ തീരുമാനിച്ചു കഴിഞ്ഞിരുന്നു (ലൂക്കൊസ് 4:42, 43).

അവനും അവന്റെ ശിഷ്യന്മാരും അവരുടെ ആദ്യ ഗലീലാ സന്ദർശനത്തിനു പുറപ്പെട്ടു.

ഗലീലാ പ്രദേശത്തിന്റെ ദീർഘവും വിസ്തൃതവുമായ ഭാഗങ്ങൾ, ഏതാണ്ട് അറുപത്തി–മൂന്ന് മൈലിനും മുപ്പത്തി–മൂന്നു മൈലിനും ഇടയ്ക്കായിരുന്നു. അതിൽ നൂറുകണക്കിന് പട്ടണങ്ങളും ഉൾപ്പെട്ടിരുന്നു. എല്ലായിടവും സന്ദർശിക്കുവാൻ മാസങ്ങൾ തന്നെ എടുത്തിരിക്കും. ആ യാത്രയുടെ വിജയത്തെ കുറിച്ച് മത്തായി ചുരുക്കി പറയുന്നത് ഇങ്ങനെയാണ്:

> പിന്നെ യേശു ഗലീലയിൽ[17] ഒക്കെയും ചുറ്റി സഞ്ചരിച്ചുകൊണ്ടു, അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും, ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൗഖ്യമാക്കുകയും ചെയ്തു.
>
> അവന്റെ ശ്രുതി സുറിയയിൽ[18] ഒക്കെയും പരന്നു; നാനാവ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രസ്തർ,[19] ചന്ദ്രരോഗികൾ, പക്ഷവാതക്കാർ, ഇങ്ങനെ സകലവിധ ദീനക്കാരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ അവരെ സൗഖ്യമാക്കി. ഗലീലാ ദെക്കപ്പൊലി യെരുശലേം യെഹൂദ്യ യോർദ്ദന്നക്കരെ എന്നീ ഇടങ്ങളിൽ നിന്ന് വളരെ പുരുഷാരം അവനെ പിന്തുടർന്നു (മത്തായി 4:23–25).

### അധികാരവും മനസ്സലിവും

ആ പ്രസംഗയാത്രയിൽ നടന്ന ഒരു അത്ഭുതത്തെ വിശദീകരിക്കുന്നുണ്ട്: ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നത്. പുരാതന കാലത്ത്, ഏറ്റവും ഭീതിപ്പെടുത്തുന്നതല്ലെങ്കിലും ഭയം ജനിപ്പിക്കുന്ന ഒരു രോഗമായിരുന്നു കുഷ്ഠം. ഇന്നു[20] നാം കുഷ്ഠത്തെ കുറിച്ചു മനസ്സിലാക്കിയിരിക്കുന്നതിനുമപ്പുറം, ത്വക്കിനേയും ഞരമ്പുകളെയും ബാധിക്കുന്ന അനേകം രോഗങ്ങളും ആ പദത്തിൽ ഉൾപ്പെടുന്നു. ആ രോഗം പകരുന്നതും പൊതുവിൽ ചികിത്സ ഇല്ലെന്നു[21] കരുതിയിരുന്നതുമായിരുന്നു. കുഷ്ഠരോഗികളെ മറ്റുജനങ്ങളുമായി ബന്ധപ്പെടാതെ മാറ്റിപാർപ്പിക്കേണ്ടിയിരുന്നു (ലേവ്യാപുസ്തകം 13:45, 46).

യേശു യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ, ഒരു കുഷ്ഠ രോഗി അവന്റെ അടുക്കൽ വന്നു. ലൂക്കൊസ് നിരീക്ഷിച്ചത് "കുഷ്ഠം നിറഞ്ഞോരു"[22] മനുഷ്യൻ എന്നാണ് (ലൂക്കൊസ് 5:12). അവൻ ആ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ആയിരുന്നു: അവന്റെ ത്വക്ക് മൊരിഞ്ഞിളകുവാൻ തുടങ്ങിയിരുന്നു; അവനു തന്റെ ചില പ്രധാനപ്പെട്ട ശരീരഭാഗങ്ങൾ നഷ്ടപ്പെട്ടിരുന്നു – വിരലുകൾ, പാദങ്ങൾ, മൂക്കിന്റെ അറ്റം, ചെവികളുടെ മുകൾഭാഗം. ആ കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ മുട്ടുകുത്തി, അവനോടു അപേക്ഷിച്ചു പറഞ്ഞു, "നിനക്ക് മനസ്സുണ്ടെങ്കിൽ, എന്നെ ശുദ്ധമാക്കുവാൻ കഴിയും" (മർക്കൊസ് 1:40). "യേശു മനസ്സലിഞ്ഞു, കൈനീട്ടി, അവനെ തൊട്ടു, 'മനസ്സുണ്ട്; ശുദ്ധമാക' എന്നു പറഞ്ഞു. ഉടനെ കുഷ്ഠം വിട്ടുമാറി അവന്നു ശുദ്ധി വന്നു" (വാ. 41, 42).

യേശു "ജനിച്ചത് ന്യായപ്രമാണത്തിൻ കീഴിൽ" ആയിരുന്നു എന്നു നമ്മോടു ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (ഗലാത്യർ 4:4); അവൻ മോശെയുടെ

ന്യായപ്രമാണം അനുസരിക്കുകയും മറ്റുള്ളവരെ അതു ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കുഷ്ഠരോഗികൾക്ക് സൗഖ്യം കിട്ടിയാൽ ന്യായപ്രമാണ പ്രകാരം പുരോഹിതന്മാർ ഉറപ്പുവരുത്തേണ്ടതിന് യെരുശലേം ദേവാലയത്തിൽ പോയി ശുദ്ധീകരണപ്രക്രിയ നടത്തേണ്ടിയിരുന്നു (ലേവ്യാപുസ്തകം 14:2–32). അതുകൊണ്ട് യേശു ആ മനുഷ്യനോടു പറഞ്ഞു, "എന്നാൽ ചെന്നു പുരോഹിതന്നു നിന്നെത്തന്നേ കാണിച്ചു, നിന്റെ ശുദ്ധീകരണത്തിന്നു വേണ്ടി മോശെ കൽപിച്ചത് അവർക്കു സാക്ഷ്യത്തിന്നായി അർപ്പിക്ക" (മർക്കൊസ് 1:44).

ക്രിസ്തു അവനെ "അമർച്ചയായി ശാസിച്ചു ..., 'നോക്കൂ ആരോടും ഒന്നും പറയരുത്'" (വാ. 43, 44). എന്നിരുന്നാലും, ആ ആവേശമുള്ള മനുഷ്യൻ "പുറപ്പെട്ടു വളരെ ഘോഷിപ്പാനും വസ്തുത പ്രസംഗിപ്പാനും തുടങ്ങി" (വാ. 45).

യുവാവായിരുന്നപ്പോൾ, ഞാൻ വിചാരിച്ചത് യേശു ഒരു എതിർ മനഃശാസ്ത്രം പ്രയോഗിക്കയായിരുന്നുവെന്നാണ്. ഞാൻ വിചാരിച്ചത്, "എത്ര ബുദ്ധിപരം! യേശു അവനോടു പറഞ്ഞത് ആരോടും പറയരുതെന്നാണ് എന്നാൽ അവനിൽ അധികമധികമായി പറയുവാൻ ആഗ്രഹം ജനിച്ചു!" അത് യേശുവിന്റെ സ്വഭാവത്തിനെതിരാണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി; അവൻ അന്യായമായി ആളുകളെ സ്വാധീനിക്കുവാൻ ശ്രമിച്ചിരുന്നില്ല. താൻ നൽകിയ ആജ്ഞയിൽ ക്രിസ്തു ഗൗരവമുള്ളവനായിരുന്നുവെന്നും ഞാൻ മനസ്സിലാക്കുന്നു. ഗലീലയിലെ മറ്റു പട്ടണങ്ങളിലും തനിക്കു പ്രസംഗിക്കേണ്ടതാണെന്നു അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞിരുന്നു (മർക്കൊസ് 1:38; ലൂക്കൊസ് 4:43) – എന്നാൽ, ആ സൗഖ്യം പ്രാപിച്ച കുഷ്ഠരോഗിയുടെ പരസ്യപ്പെടുത്തലിന്റെ ഫലമായി, "യേശുവിന്നു പരസ്യമായി പട്ടണത്തിൽ കടപ്പാൻ കഴിയായ്ക കൊണ്ടു, അവൻ പുറത്തു നിർജ്ജന സ്ഥലങ്ങളിൽ പാർത്തു" (മർക്കൊസ് 1:45).

അവൻ എവിടെപോയോ, അവിടെയെല്ലാം ആളുകൾ അവനെ പിന്തുടർന്നു "എല്ലാടത്തുനിന്നും അവന്റെ അടുക്കൽ വന്നു കൂടി" (വാ. 45). ഒന്നാമത്തെ സന്ദർശനം തികഞ്ഞ വിജയമായിരുന്നു.

## "അധികാരമുള്ളവനെപോലെ"
## തിരിച്ചു കഫർന്നഹൂമിൽ
## (മത്താ. 9:2-9; മർക്കൊ. 2:1-14; ലൂക്കൊ. 5:17-28)

### പാപം ക്ഷമിക്കുന്നതിനുള്ള അധികാരം

ആ യാത്രയുടെ അവസാനം, യേശു കഫർന്നഹൂമിലേക്ക് മടങ്ങിവന്നതു – ഒരുപക്ഷെ പത്രൊസിന്റെ വീട്ടിലേക്ക് – ആരോഗ്യം വീണ്ടെടുക്കുന്നതിനുവേണ്ടി ആയിരിക്കാം. എങ്ങനെയായാലും, അവന് വിശ്രമം അധികവും ലഭിച്ചിരുന്നില്ല, കാരണം അവൻ വീണ്ടും വന്നിരിക്കുന്നതായി ശ്രുതി പട്ടണത്തിൽ എല്ലാം പരന്നിരുന്നു. അവൻ പാർക്കുന്ന വീട് ആളുകളെ കൊണ്ടു പെട്ടെന്നു നിറഞ്ഞു.

വന്നിരുന്നവരിൽ പരീശന്മാരും ശാസ്ത്രിമാരും ഉണ്ടായിരുന്നു (മത്തായി 9:3; മർക്കൊസ് 2:6; ലൂക്കൊസ് 5:17, 21). അവർ ന്യായപ്രമാണത്തിന്റെ സ്വയമായി–നിയമിക്കപ്പെട്ട രക്ഷാധികാരികളും പ്രാചീന വിശ്വാസങ്ങളുടെ

സൂക്ഷിപ്പുകാരുമായിരുന്നു. അവരിൽ ചിലർ യെരുശലേമിനടുത്തുനിന്നു വന്നവരായിരുന്നു (ലൂക്കൊസ് 5:17). യോഹന്നാൻ സ്നാപകന്റെ പ്രചാരം വർദ്ധിച്ചപ്പോൾ യെരുശലേമിലുള്ള പുരോഹിതന്മാരും ലേവ്യരും അവനെ പരിശോധിക്കുന്നതിനായി വന്നിരുന്നു (യോഹന്നാൻ 1:19). ഇപ്പോൾ പരീശന്മാരും ശാസ്ത്രിമാരും യേശുവിനെ പരിശോധിക്കുവാൻ വന്നിരിക്കുന്നു.

യേശു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, നാലുപേർ വീടിന്റെ മേൽക്കൂര പൊളിച്ച് ഒരു പക്ഷവാത രോഗിയായിരുന്ന അവരുടെ സ്നേഹിതനെ ഇറക്കി. യേശുവിന് ആ മനുഷ്യനോട് മനസ്സലിവുണ്ടായി, അവൻ പറഞ്ഞു, “മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു” (മർക്കൊസ് 2:5).

ക്രിസ്തുവിന്റെ വിമർശകർ ഞെട്ടിപ്പോയി. അവർ വിചാരിച്ചത്, “ആ മനുഷ്യൻ എന്തുകൊണ്ടാണ് അങ്ങനെ സംസാരിച്ചത്? അവൻ ദൈവദൂഷണമാണ് പറഞ്ഞത്; ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ?” (വാ. 7). “ദൈവദൂഷണം” എന്ന വാക്കിന്റെ അർത്ഥം “എതിരായി സംസാരിക്കുക” എന്നാണ്. അതു പലപ്പോഴും അപവാദത്തിനെ കുറിച്ചു പറയുവാൻ ഉപയോഗിച്ചിട്ടുണ്ട്. (അതേ ഗ്രീക്ക് വാക്ക് തീത്തൊസ് 3:2–ലും 2 പത്രൊസ് 2:2–ലും ഉപയോഗിച്ചിട്ടുണ്ട്.) ദൈവസ്വഭാവത്തെ അല്ലെങ്കിൽ പ്രകൃതത്തെ പ്രതിഫലിപ്പിക്കുന്ന ഏതു ഭാഷയെയും സൂചിപ്പിക്കുവാൻ യെഹൂദന്മാരും അത് ഉപയോഗിച്ചിട്ടുണ്ട്. പരീശന്മാരും ശാസ്ത്രിമാരും അതിനുള്ള കാരണം പറഞ്ഞത് ഇപ്രകാരമായിരുന്നു:

1. ദൈവത്തിനു മാത്രമേ പാപങ്ങൾ മോചിച്ചുകൊടുക്കുവാൻ കഴിയൂ.
2. ഈ മനുഷ്യൻ ദൈവമല്ല.
3. അതുകൊണ്ട്, അവനിൽ ദൈവദൂഷണമെന്ന കുറ്റമുണ്ട്.

അവരുടെ യുക്തിക്ക് യാതൊരു കുഴപ്പവുമില്ലായിരുന്നു; അവരുടെ രണ്ടാമത്തെ നിഗമനം തെറ്റായിരുന്നു എന്നതായിരുന്നു പ്രശ്നം.

> ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നത്, യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു, അവരോടു, “നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നത് എന്ത്? പക്ഷവാതക്കാരനോട്, ചോദിച്ചു, ‘നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു’; എന്നു പറയുന്നതോ ‘എഴുന്നേറ്റു, കിടക്ക എടുത്തു നടക്ക’ എന്നു പറയുന്നതോ, ഏതാകുന്നു എളുപ്പം? എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു,” അവൻ പക്ഷവാതക്കാരനോട്, “എഴുന്നേറ്റു, കിടക്ക എടുത്ത് വീട്ടിലേക്കു പോക, എന്നു ഞാൻ നിന്നോടു പറയുന്നു” എന്നു പറഞ്ഞു (വാ. 8–11).

അത് നിസ്സാരമായി പറഞ്ഞാൽ, പാപത്തിന്മേലും തനിക്ക് അധികാരമുണ്ടെന്ന് തെളിയിക്കുവാൻ രോഗത്തിന്മേൽ അവന്നുള്ള അധികാരം യേശു ഉപയോഗിക്കുകയായിരുന്നു.

ക്രിസ്തു പക്ഷവാതരോഗിയോട് എഴുന്നേൽക്കുവാൻ പറഞ്ഞപ്പോൾ, “അവൻ ഉടനെ എഴുന്നേറ്റ് കിടക്ക എടുത്തു എല്ലാവരും കാൺകെ പുറപ്പെട്ടു; അതു കൊണ്ട് എല്ലാവരും വിസ്മയിച്ചു, ‘ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല’ എന്നു പറഞ്ഞു, ദൈവത്തെ മഹത്വപ്പെടുത്തി” (വാ. 12).

യെരുശലേമിൽ നിന്നു വന്ന സന്ദർശകരുടെ തീർച്ചപ്പെടുത്തൽ ഇപ്രകാരം *ആയിരിക്കണം:*

1. ദൈവത്തിനു മാത്രമെ പാപം മോചിച്ചു കൊടുക്കുവാൻ കഴിയൂ.
2. ഈ മനുഷ്യന് പാപം ക്ഷമിച്ചു കൊടുക്കുവാൻ *കഴിയും.*
3. അതുകൊണ്ടു അവൻ ദൈവം *ആണ്!*

നിർഭാഗ്യവശാൽ, യേശുവിന്റെ അവകാശവാദത്തെ പരിഗണിക്കാതിരിക്കുവാൻ തക്കവണ്ണം അവരിൽ ദുരഭിമാനവും, അസൂയയും, സ്വാർത്ഥ–താൽപര്യവും നിറഞ്ഞിരുന്നു.

യേശുവിനെ ക്രൂശിൽ തറെക്കുന്നതുവരെ അവൻ നേരിട്ടിരുന്ന ശത്രുതയുടെ ആരംഭമായിരുന്നു അത്. അധികം താമസിയാതെ അവൻ എവിടെപ്പോയോ അവിടെയെല്ലാം ചാരന്മാർ അവനെ പിന്തുടർന്നു, അവനെ നശിപ്പിക്കേണ്ടതിന് എന്തെങ്കിലും കിട്ടുമോ എന്ന് അന്വേഷിച്ചുകൊണ്ടിരുന്നു.

**മനുഷ്യരെ വെല്ലുവിളിക്കുവാനുള്ള അധികാരം**

തന്റെ വിമർശകരെ അസന്തുഷ്ടരാക്കുവാൻ യേശു ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്: അവൻ അശുദ്ധനായിരുന്ന ഒരു കുഷ്ഠ രോഗിയെ തൊട്ടു. തനിക്കു പാപങ്ങൾ മോചിച്ചുകൊടുക്കുവാൻ കഴിയുമെന്ന് അവൻ സൂചിപ്പിച്ചു. അവരെ കോപിപ്പിക്കുന്ന മറ്റൊരു സംഭവം കൂടെ ഉണ്ടായതായി നമ്മുടെ പാഠത്തിൽ പറയുന്നു: അവൻ തന്റെ ശിഷ്യന്മാരിൽ ഒരാളാകുവാൻ ഒരു ചുങ്കക്കാരനെ ക്ഷണിച്ചു.

കഫർന്നഹൂമിന്റെ പരിസരത്ത് പോകുവാൻ ക്രിസ്തു ആഗ്രഹിച്ച സ്ഥലം കടൽക്കര ആയിരുന്നു. അവൻ വീണ്ടും അവിടെ പോയപ്പോൾ, പുരുഷാരം ഒക്കെയും അവനെ അനുഗമിക്കുകയും അവൻ അവരെ ഉപദേശിക്കുകയും ചെയ്തു (മർക്കൊസ് 2:13).

അടുത്തായി ഒരു ചുങ്കം പിരിക്കുന്നവന്റെ[23] സ്ഥാനമുണ്ടായിരുന്നു. കടൽ കടന്നുവരുന്ന ആളുകളെയും അവർ കൊണ്ടുവരുന്ന സാധനങ്ങളുടെയും പിരിവിനായി ഉള്ള ബൂത്ത് കരയിലായിരുന്നിരിക്കാം, അല്ലെങ്കിൽ കഫർന്നഹൂമിലേക്ക് പിരിച്ച നികുതി എത്തിക്കുന്നതിന് അത് അടുത്തുള്ള റോഡിൽ[24] ആയിരുന്നിരിക്കാം. ചുങ്കം പിരിക്കുന്നവന്റെ പേർ മത്തായി എന്നായിരുന്നു (മത്തായി 9:9). അവൻ ലേവി എന്നു വിളിക്കുന്ന അല്ഫായിയുടെ മകനായിരുന്നു (മർക്കൊസ് 2:14).

ചുങ്കം പിരിക്കുന്നവരെ യെഹൂദന്മാർ വെറുത്തിരുന്നു. റോമാക്കാരുമായി സഹകരിച്ചിരുന്ന സഹ യെഹൂദനെ ഒരു വിശ്വാസ ഘാതകനായിട്ടാണ് അവർ കണ്ടിരുന്നത്. റോബെർട്ട് എൽ. തോമസ് എഴുതി,

> മത്തായിയെ പോലെ നികുതി പിരിക്കുന്നവർ ... വിലപിടിപ്പുള്ള സാധനങ്ങൾ കൊണ്ടുവരുന്ന വ്യാപാരികളിൽ നിന്ന് അതിന്റെ വിലയ്ക്കനുസരിച്ചുള്ള നികുതി റോമാ ഗവൺമെന്റിനു വേണ്ടി പിരിക്കുമായിരുന്നു. ... വ്യത്യസ്തമായ വിലനിരക്ക് തന്റെ വരുമാനം വർദ്ധിപ്പിക്കത്തക്ക ഉയർന്ന നിരക്കിലുള്ള ചുങ്കം പിരിക്കുവാൻ നികുതി–പിരിക്കുന്നവർക്ക് അവസരം കൊടുത്തു. മത്തായി താൻ ഏർപ്പെട്ടിരുന്ന തൊഴിലിൽ ആത്മാർത്ഥതയില്ലാത്തവ

രുടെ കൂട്ടത്തിലായിരുന്നോ ഇല്ലയോ എന്നറിയുകയില്ല, എന്നാൽ സഹ യെഹൂദന്മാർ ഒറ്റപ്പെടുത്തിയിരുന്ന സമൂഹത്തിൽ അവനുൾപ്പെട്ടിരുന്നതു തന്നെ അവനെ വെറുപ്പോടെ[25] കാണുവാൻ മതിയായ കാരണമായിരുന്നു.

യേശു ഗലീലാ കരയിൽ നിന്ന് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്തപ്പോൾ പലപ്പോഴും മത്തായിയുടെ ബൂത്തിനരികിൽകൂടെ കടന്നുപോയിരിക്കാം. ചുങ്കം പിരിക്കുന്നയാൾ, തന്റെ ബൂത്തിൽ ഇരുന്ന്, സംശയരഹിതമായി, ക്രിസ്തുവിന്റെ പ്രസംഗം[26] പല പ്രാവശ്യം കേട്ടിരിക്കാനിടയുണ്ട്. എങ്ങനെയായാലും, ആ ദിവസം വ്യത്യാസമുള്ളതായിരുന്നു, കാരണം യേശു അവിടെനിന്ന് അവനോട് പറഞ്ഞു, "എന്നെ അനുഗമിക്ക!" (മർക്കൊസ് 2:14). പത്രൊസ്, അന്ത്രെയാസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ വിളിച്ചതുപോലെ, ഈ വിളിയും മുഴുവൻ-സമയ ശിഷ്യത്വത്തിനായിരുന്നു. മീൻപിടുത്തക്കാരെ പോലെ, മത്തായി "സകലവും വിട്ടു, എഴുന്നേറ്റു അവനെ അനുഗമിച്ചു" (ലൂക്കൊസ് 5:28).[27]

**ഉപസംഹാരം**

വലിയ ഗലീലാ ശുശ്രൂഷക്കു മുൻപോട്ടുപോകുവാനുള്ള ശക്തി ലഭിക്കുകയായിരുന്നു. നമ്മുടെ അടുത്ത പാഠത്തിൽ, ഈ ശുശ്രൂഷയെ കുറിച്ചുള്ള പഠനം തുടരുന്നു. യേശുവും മതാദ്ധ്യക്ഷന്മാരുമായുള്ള പോരാട്ടം മുറുകുകയും, അത് വളർന്ന് ശത്രുതയിലായി അവസാനം ക്രിസ്തുവിന്റെ മരണത്തിലെത്തിക്കുകയും ചെയ്യുന്നത് നാം കാണും.

ഈ പാഠത്തിൽ യേശുവിന്റെ അധികാരത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ അവസാനം വരെ യെഹൂദാധികാരികൾ അവനോട് എതിരിടുവാനുള്ള മുഖ്യ കാരണം അധികാരത്തെ കുറിച്ചുള്ള പ്രശ്നമായിരുന്നു. അവനാദ്യം ദേവാലയത്തിൽ നിന്ന് പൊൻവാണിഭക്കാരെ പുറത്താക്കിയപ്പോൾ, അവർ അവനോടു "നീ ഇതെന്തധികാരം കൊണ്ടു ചെയ്യുന്നു" എന്ന് ചോദിച്ചു (യോഹന്നാൻ 2:18). അവന്റെ ഭൂമിയിലെ ജീവിതത്തിന്റെ അവസാന ആഴ്ച്ചയിൽ, അവർ അവനോടു വെല്ലുവിളിച്ചുകൊണ്ട്, "നീ എന്തു അധികാരംകൊണ്ടു ഇതു ചെയ്യുന്നു, ഈ അധികാരം നിനക്കു തന്നതു ആർ? ഞങ്ങളോടു പറക" എന്നു പറഞ്ഞു (ലൂക്കൊസ് 20:2).

അവനോടുള്ള നിങ്ങളുടെ പ്രതികരണത്തിലും അധികാരത്തെ കുറിച്ചുള്ള ചോദ്യം മുഖ്യമാണ്. തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കുശേഷം, അവൻ പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്തായി 28:18). നിങ്ങളുടെ ജീവിതത്തിനുമേൽ അധികാരമുള്ളവനായി അവനെ നിങ്ങൾ സ്വീകരിക്കുമോ? അവന്റെ അധികാരത്തിനു കീഴ്പ്പെടുന്നതിൽ അധര-സേവയെക്കാൾ അധികം ഉൾപ്പെടുന്നു; അതിൽ അവനു പൂർണ്ണമായും കീഴടങ്ങുന്നതു ഉൾപ്പെടുന്നു. യേശു പറഞ്ഞു, "എന്നോടു, 'കർത്താവേ, കർത്താവേ' എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ, സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു" (മത്തായി 7:21). ഇന്ന് – നിങ്ങൾ അവന്റെ അധികാരത്തെ സ്വീകരിക്കുവാൻ തയ്യാറാണോ?[28]

കുറിപ്പുകൾ

[1]കെജെവിയിൽ "ശക്തി" എന്നാണുള്ളത്, എന്നാൽ ആ വാക്ക് കെജെവിയിലെ മർക്കൊസ് 1:22, 27–ൽ "അധികാരം" എന്നു തർജ്ജിമ ചെയ്ത അതേ വാക്കുതന്നെയാണ്. [2]ശുശ്രൂഷാ നേതൃത്വത്തിലുള്ള വ്യക്തിയെ പള്ളി "പ്രമാണി" എന്നു വിളിച്ചിട്ടുണ്ട് (മർക്കൊസ് 5:36, 38; ലൂക്കൊസ് 8:41; 13:14). കെജെവി ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം "പള്ളിപ്രമാണി" എന്നാണ്. [3]ഒന്നാം–നൂറ്റാണ്ടിൽ കഫർന്നഹൂമിലുണ്ടായിരുന്ന ഒരു തകർന്ന പള്ളിയുടെ അടിസ്ഥാന അവശിഷ്ടങ്ങൾ ഇന്നും കാണാം. [4]നമ്മുടെ പഠനം തുടരുമ്പോൾ, "എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ ... ; ഞാനോ നിങ്ങളോടു പറയുന്നതു ..." (മത്തായി 5:27, 28), എന്നു യേശു പറയുന്നത് നാം കേൾക്കുന്നു. [5]മൂലഗ്രന്ഥത്തിൽ, "നസ്റേത്തിലെ" എന്ന വാക്ക് തർജ്ജിമ ചെയ്തത് അക്ഷരികമായി "നസറായൻ" എന്നാണ്. [6]"പരിശുദ്ധൻ" എന്നത് പഴയനിയമത്തിൽ വാഗ്ദാനം ചെയ്ത മശിഹയുടെ പേരായിരുന്നു (സങ്കീർത്തനങ്ങൾ 16:10; പ്രവൃത്തികൾ 2:27). [7]*ദായിമോനിയൻ* എന്നതിന്റെ ബഹുവചന രൂപത്തെ കെജെവി തർജ്ജിമ ചെയ്തിരിക്കുന്നത് "ഡെവിൾസ്" എന്നാണ്, സാത്താൻ, (*ഡയാബോളോസ്*) എന്ന ഒരു പിശാചു മാത്രമേ ഉള്ളൂ എന്നതുകൊണ്ടു അത് തെറ്റിദ്ധരിപ്പിക്കുന്നു. [8]മത്തായി 12:22, 29–ൽ, സാത്താനെ "ഭൂതങ്ങളുടെ അധികാരി" എന്നു വിളിച്ചിട്ടുണ്ട്. [9]ഇത് ആ വിഷയമല്ല. [10]ആ വ്യത്യാസം ഈ പാഠത്തിൽ പിന്നീട് നാം കാണും. അതേ വ്യത്യാസം സുവിശേഷവിവരണങ്ങളുടെ മറ്റുഎഴുത്തുകാരും കാണിച്ചിട്ടുണ്ട്. ജെ. ഡബ്ളിയു. മെക്ഗാർവെ എഴുതി, "ഭൂതത്തെ പുറത്താക്കുന്ന ഓരോ സംഭവത്തിലും ഉപയോഗിച്ച ഭാഷയിൽ മാറ്റംവരുത്താതെ ഭൂതബാധ വെറും രോഗമാണ് എന്നു കണക്കാക്കുവാൻ സാധ്യമല്ല" (ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* [സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914], 167).

[11]ശബ്ബത്തിൽ യേശു സൗഖ്യമാക്കിയതിനെ പ്രാദേശിക മതാദ്ധ്യക്ഷന്മാർ വിമർശിക്കാതിരുന്നത് ശ്രദ്ധിക്കുക. ആ വിമർശനം യെരുശലേമിലെ പ്രതിനിധികളിൽ നിന്നാണ് ആദ്യം ആരംഭിച്ചത്. [12]അതു ശീമോൻ പത്രൊസിന്റെ വീടാണെന്നാണ് മത്തായിയും ലൂക്കൊസും പറഞ്ഞത് (മത്തായി 8:14; ലൂക്കൊസ് 4:38 നോക്കുക). മുൻപ് ബേത്ത്സയിദയെ "അന്ത്രെയാസിന്റെയും പത്രൊസിന്റെയും പട്ടണം" എന്നു വിളിച്ചത് ശ്രദ്ധിക്കുക (യോഹന്നാൻ 1:44). ഒന്നുകിൽ അവർ കഫർന്നഹൂമിലെക്ക് പോയതാകാം, അല്ലെങ്കിൽ കഫർന്നഹൂമിനു പരിസരത്തുള്ള ഒരു പ്രദേശമായി കരുതുവാൻ തക്ക സമീപത്തായിരിക്കാം ബേത്ത്സയിദ സ്ഥിതിചെയ്തിരുന്നത്. [13]പത്രൊസിനെ "ആദ്യത്തെ പോപ്" ആയി പറയുന്ന മനുഷ്യരുടെ അഭിപ്രായത്തിന് വിപരീതമായി, അവൻ വർഷങ്ങളോളം വിവാഹം കഴിച്ച് ജീവിച്ചിരുന്നു (1 കൊരിന്ത്യർ 9:5). [14]സൂര്യാസ്തമനം വരെ ആളുകൾ കാത്തിരുന്നിരിക്കാം കാരണം ശബ്ബത്തവസാനിക്കുന്നതു അപ്പോഴാണ് കൂടാതെ ശബ്ബത്തിൽ ഭാരം ചുമക്കുന്നത് ലംഘനമാകയാൽ അത് നിരോധിക്കുവാനും അവർ ഇഷ്ടപ്പെട്ടിരുന്നില്ല (നോക്കുക യിരെമ്യാവ് 17:22). [15]ഉദാഹരണമായി, ഈ കാരണങ്ങൾ പരിഗണിക്കുക: (1) അവൻ ക്രിസ്തു ആയിരുന്നുവെന്ന് ഉടനെ പ്രഖ്യാപിക്കുവാൻ പോകുന്നു, (2) അവൻ ആരായിരുന്നുവെന്നത് ദുഷ്ടാത്മാക്കൾക്ക് സാക്ഷ്യപ്പെടുന്നതു അനുയോജ്യമായിരുന്നില്ല. [16]"ബെയെത്സെബൂൽ" എന്നു പറയുന്നതടക്കം, ഈ പേർ മറ്റു രീതികളിലും പറഞ്ഞിട്ടുണ്ട്. [17]ലൂക്കൊസ് 4:44 പറയുന്നു, "അവൻ *യെഹൂദ്യ*യിലെ പള്ളികളിൽ ഉപദേശിച്ചുകൊണ്ടിരുന്നു." ആ വാക്യത്തിൽ, "യെഹൂദ്യ" എന്നത് യെഹൂദ്യയിലെ പ്രവിശ്യയെ കുറിച്ചല്ല, മുഴുവൻ പാലസ്തീൻ ദേശത്തെയും കുറിച്ചാണ് സൂചിപ്പിക്കുന്നത്. എന്റെ കൈവശമുള്ള എൻഎഎസ്ബിയുടെ പകർപ്പിലെ മാർജിൻ കുറിപ്പിൽ പറഞ്ഞിരിക്കുന്നത്

"യെഹൂദ്യ" എന്നത് "യെഹൂദന്മാരുടെ ദേശം (ഗലീലി അടക്കം) എന്നാണ്; ചില പ്രതികളിൽ [കയ്യെഴുത്തു പ്രതികൾ] വായിക്കുന്നത് *ഗലീലി* എന്നാണ്." [18]സുറിയ ഗലീലയുടെ വടക്കായിരുന്നു. ("ഈ ലക്കത്തിലുള്ള ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങൾ" എന്ന ഭൂപടം കാണുക.) തീർച്ചയായും, സഞ്ചാരികൾ ഗലീലയിൽ നിന്ന് സുറിയയിലേക്ക് വർത്തമാനവും കൊണ്ടുപോയിരുന്നു. [19]മത്തായി "വ്യാധികൾ" എന്നതും "ഭൂതബാധ" എന്നതും തമ്മിൽ വ്യത്യാസം വരുത്തിയതു ശ്രദ്ധിക്കുക. [20]ഇന്നു നാം കുഷ്ഠമെന്നു വിളിക്കുന്ന രോഗത്തിന്റെ ചില ലക്ഷണങ്ങൾ അന്നത്തെ കുഷ്ഠത്തിനുണ്ടായിരുന്നില്ല ("ഹാൻസെൻസ് ഡിസീസ്"). (ബൈബിൾ കാലഘട്ടത്തിൽ വീടുകൾക്കുപോലും "കുഷ്ഠം" ഉണ്ടായതായി പറയുന്നു; ലേവ്യാ പുസ്തകം 14:34, 35 നോക്കുക.) ബൈബിൾ കാലഘട്ടത്തിൽ ഉണ്ടായിരുന്ന മുഖ്യരോഗമായ കുഷ്ഠത്തെ കുറിച്ചുള്ള രണ്ട് പേരുടെ വിവരണം മെക്ഗാർവെ യുടെയും പെന്റിൽറ്റണിന്റെയും പുസ്തകത്തിൽ കാണാം, 176–178.

[21]കുഷ്ഠം ശുദ്ധമായതിന്റെ നിയമാവലികൾ ഉണ്ടായിരുന്നു എന്ന വസ്തുത പറയുന്നത് എല്ലാ തരത്തിലുള്ള "കുഷ്ഠവും" ഭേദമാക്കാൻ സാധിക്കാത്തവയായിരുന്നില്ല എന്നാണ് – എന്നാൽ നമുക്ക് കൃത്യമായി പറയാവുന്നത്, പൊതുവായി സംസാരിക്കുമ്പോൾ, കുഷ്ഠം ഭേദമാക്കുവാൻ കഴിയാത്തതായിരുന്നു എന്നാണ്. [22]ഗ്രീക്ക് വേദപുസ്തകത്തിൽ "ഫുൾ ഒഫ് ലെപ്റസി" എന്നാണ് (കെജെവി നോക്കുക). [23]ആരംഭ ഭാഷയിൽ ആ പദം അർത്ഥമാക്കുന്നത് "ടാക്സ്മാൻ" എന്നാണ്. എൻഎഎസ്ബി ഉപയോഗിച്ചിരിക്കുന്ന പദം "ടാക്സ് കളക്ടർ" എന്നാണ്. കെജെവി യിൽ "പബ്ളിക്കൻ" എന്ന പദമാണുള്ളത്, ചില രാജ്യത്ത് അതു തെറ്റിദ്ധാരണ ഉണ്ടാക്കുന്നത് അവിടെ "പബ്ളിക്കൻ" എന്നത് "പബ്" നടത്തുന്ന ആളാണ് (ലഹരി പദാർത്ഥങ്ങൾ വിൽക്കുന്ന പൊതുവായ മദ്യശാല). [24]പാലസ്തീൻ കടന്നുപോകുന്ന കിഴക്ക്–പടിഞ്ഞാറുള്ള ഹൈവേയിൽ നിന്ന് കഫർന്നഹൂം അധികദൂരത്തായിരുന്നില്ല എന്നു നാം കാണുകയുണ്ടായി. [25]റോബെർട്ട് എൽ. തോമസ്, എഡി., ആന്റ് സ്റ്റാൻലി എൻ. ഗൺറി, അസോസ്. എഡി., *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (ഷിക്കാഗോ.: മൂഡി പ്രെസ്, 1978), 55. [26]യേശുവും മത്തായിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു പശ്ചാത്തലം നൽകിയിട്ടില്ല, എന്നാൽ മുഴുവൻ–സമയ ശിഷ്യത്വത്തിനുള്ള സമർപ്പണം, തീർച്ചയായും, നേരത്തേ അറിയിച്ചിരുന്ന തീരുമാനമായിരുന്നു. [27]മത്തായിയുടെ തീരുമാനത്തിന് കൊടുക്കേണ്ടിവന്ന വില മനസ്സിലാക്കുക. വള്ളവും വലയും വിട്ട് യേശുവിനെ അനുഗമിച്ച മീൻപിടുത്തക്കാർക്ക് വീണ്ടും അവരുടെ തൊഴിലിലേക്ക് തിരിച്ചു പോകാമായിരുന്നു (യോഹന്നാൻ 21:3 നോക്കുക); എന്നാൽ ഒരിക്കൽ മത്തായി തന്റെ റോമൻ "മേലധികാരികളെ" വിട്ടുകളഞ്ഞാൽ, അവന് തന്റെ ചുങ്കം പിരിവിലേക്ക് മടങ്ങിവരുവാൻ കഴിയുമായിരുന്നില്ല. മത്താ യിക്കുലഭിച്ച ക്ഷണത്തെ തുടർന്നു പല എഴുത്തുകാരും മത്തായിയുടെ വിരുന്ന് അവിടെ ചേർക്കാറുണ്ട് (മത്തായി 9:10–13; മർക്കൊസ് 2:15–17; ലൂക്കൊസ് 5:29–32), അതിവിടെയും യോജിക്കുന്നതാണ്. പഠനത്തിൽ ഈ സമയത്ത് നിങ്ങൾക്ക് വേണമെങ്കിൽ അത് ഉൾപ്പെടുത്താം. [28]ഇതൊരു പ്രസംഗമല്ലെങ്കിലും, പാപത്തിൽ ജീവിക്കുന്നവർക്കും (ക്രിസ്തുവിൽ ആയിതീരാത്തവർ) അവിശ്വസ്തരായ ക്രിസ്ത്യാനികൾക്കും രക്ഷക്കുള്ള നിബന്ധനകൾ വേണമെങ്കിൽ നിങ്ങൾക്ക് പാഠത്തിൽ ഉൾപ്പെടുത്താം. ഈ പുസ്തകത്തിലെ "ദൈവം ലോകത്തെ സ്നേഹിച്ചു" "ശിഷ്യത്വത്തിനുള്ള ക്ഷണം" എന്നീ പേരുകളിലുള്ള പ്രസംഗങ്ങൾ എങ്ങനെ ക്രിസ്ത്യാനിയായി തീരാം എന്നു ഊന്നി പറയുന്നു. അവിശ്വസ്ത ക്രിസ്ത്യാനിക്ക് എങ്ങനെ യഥാസ്ഥാനപ്പെടാം എന്നതിനെ കുറിച്ചുള്ള വേദഭാഗങ്ങളിൽ പ്രവൃത്തികൾ 8:22–ഉം യാക്കൊബ് 5:16–ഉം ഉൾപ്പെടുന്നു.